പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4131

20.03.2018-ൽ മറുപടിക്ക്

## വരൾച്ചയെ പ്രതിരോധിക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) വരൾച്ചയെ പ്രതിരോധിക്കുന്നതിനും എല്ലാ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികളെന്തെല്ലാമെന്ന് വിശദീകരിക്കുമോ; | എ) മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തടയണകൾ, ഫാം പോണ്ടുകൾ ജലസ്രോതസ്സുകൾ, തോടുകൾ എന്നിവ നവീകരിച്ച് ജലസമൃദ്ധി ഉറപ്പാക്കുന്നതിനും ഭൂഗർഭ ജലനിരപ്പ് താഴാതെ സൂക്ഷിക്കുന്നതിനും ഗ്രാമ പഞ്ചായത്തുകൾ നടപടി സ്വീകരിച്ചുവരുന്നു. ആർ.ഒ. പ്ലാന്റുകൾ സ്ഥാപിച്ചും, ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയും, പൈപ്പ് ലൈൻ നീട്ടൽ, മഴവെള്ള സംഭരണികൾ എന്നിവ സ്ഥാപിച്ചും റവന്യൂ വകുപ്പുമായി ചേർന്ന് ജല കിയോസ്കുകൾ, ടാങ്കറുകളിലും വള്ളങ്ങളിലും കുടിവെള്ളം എത്തിക്കുന്ന പദ്ധതികളും വിവിധ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തിവരുന്നു.<br><br>ഇത്തവണത്തെ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നഗരസഭാ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കുടിവെള്ള വിതരണത്തിനായി കിയോസ്കുകൾ സ്ഥാപിക്കുക, പൊതു ജലാശയങ്ങൾ ശുചീകരിക്കുക, ടാങ്കറിൽ കുടിവെള്ള വിതരണം ചെയ്യുക, തടയണകൾ വൃത്തിയാക്കുക/ നിർമ്മിക്കുക, പൊതു കുഴൽ കിണറുകളും തുറന്ന കിണറുകളും ഉപയോഗപ്രദമാക്കൽ തുടങ്ങിയ പദ്ധതികൾ നഗരസഭാ തലത്തിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ;എങ്കിൽ ഇത് സ്ഥാപിക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | ബി) കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കാൻ നിലവിൽ പഞ്ചായത്തുകളിൽ പദ്ധതി ഇല്ല. റവന്യൂ വകുപ്പിന്റെ നിർദ്ദേശാനുസരണം കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ ജലക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങൾക്കും കോളനികൾക്കും മുൻഗണന നൽകുന്നു. |

നഗരസഭകളിൽ കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുന്നതിന് പ്രത്യേകമായി അംഗീകൃത പൊതു മാനദണ്ഡങ്ങൾ നിലവിലില്ല. നഗരസഭകൾ കൗൺസിൽ തീരുമാനപ്രകാരം കിയോസ്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവൃത്തികൾ നിർവ്വഹിച്ചു വരുന്നു.

സി) വരൾച്ചാ കാലത്ത് കുടിവെള്ള സ്രോതസ്സുകളിൽ മാലിന്യം കലരുന്നതിനുള്ള സാദ്ധ്യതകൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കമോ?

സി) കുടിവെള്ള സ്രോതസ്സുകൾ ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി ശുചീകരിക്കുകയും മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും വാർഡ്തല ശുചിത്വ കമ്മറ്റികൾ, ഗ്രാമ സഭകൾ, കുടുംബശ്രീ സംവിധാനം എന്നിവകളിൽകൂടി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം കർശനമായ പരിശോധനകൾ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെയും നടത്തി വരുന്നു.

ജലനിധി പദ്ധതിയുടെ കുടിവെള്ള സ്രോതസ്സുകൾ എല്ലാം ആവശ്യമായ മുൻകരുതൽ എടുത്ത് മാലിന്യം കലരുന്നതിനുള്ള സാദ്ധ്യത ഒഴിവാക്കിയാണ് നിർമ്മിച്ചിരിക്കുന്നത്. തുറന്ന കിണറുകളെ സംരക്ഷിച്ചുകൊണ്ട് ഡ്രൈനേജ് സംവിധാനം നിർമ്മിച്ചിട്ടുണ്ട്.

നഗരസഭകളിൽ താത്കാലിക തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പൊതുയിടങ്ങളിൽ നിന്നും ജലാശയങ്ങളിലേയ്ക്ക് ഔട്ട് ലെറ്റുകൾ ഉണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള നടപടികളും നഗരസഭാ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ